

ഫോട്ടോ : പ്രശാന്ത് ശിവ



# സമരത്തിന്റെ ഭാവനാത്മക നിർവ്വചനങ്ങൾ

എസ്. ശരത്

**വിനാശമല്ല** വികസനമെന്ന മുദ്രാവാക്യമുയർത്തി വികസനത്തിന്റെ നൈതികതയെക്കുറിച്ചുള്ള പാഠങ്ങൾ ഇരുപത് വർഷങ്ങൾ പിന്നിടുന്ന സമരത്തിന്റെ പൊള്ളുന്ന അനുഭവങ്ങളിൽ നിന്നും ലോകജനതയ്ക്ക് പഠിപ്പിച്ച, പ്രതിഷേധത്തിന്റെ ആരവങ്ങളൊടുങ്ങാത്ത താഴ്‌വരയിൽ നിർമ്മദാ നദി ചരിത്രസാക്ഷിയായി നിശബ്ദമായൊഴുകുന്നു. നമുക്ക് സുപരിചിതമായ നിത്യജീവിതത്തിലെ കാഴ്ചകളിൽ നിന്നെല്ലാമേറെയകലെ, നമ്മൾ കണ്ടും കേട്ടുമറിഞ്ഞ കടുത്ത നീതിനിഷേധങ്ങളുടെ പരമ്പരകൾക്കെല്ലാമപ്പുറം, രാഷ്ട്രീയ അപചയങ്ങളാലും ഭരണകൂടങ്ങളുടെ സ്ഥാപിത താത്പര്യങ്ങളാലും തകർത്തെറിയപ്പെട്ടിട്ടും ജീവിതം കൊണ്ട് പ്രതിരോധം തീർത്ത് നിശ്ചയദാർഢ്യത്തോടെ ഉറച്ച് നിൽക്കുന്ന ഒരു ജനതയെ അടുത്തറിയാൻ കഴിഞ്ഞതായിരുന്നു നർമ്മദ യാത്രയുടെ ഏറ്റവും വലിയ അനുഭവം. നർമ്മദാ ബചാവോ ആന്ദോളന്റെ നേതൃത്വത്തിൽ നടന്ന സഞ്ജയ്

**മെയ് 21 മുതൽ 23 വരെ മദ്ധ്യപ്രദേശിലെ ബഡ്‌വാനിയിൽ നർമ്മദ ബച്ചാവോ ആന്ദോളന്റെ നേതൃത്വത്തിൽ നടന്ന സഞ്ജയ് സാംഗ്‌വി അനുസ്മരണ മാദ്ധ്യമ സെമിനാറിൽ പങ്കെടുത്തതിന്റെ അനുഭവങ്ങൾ.**

സാംഗ്‌വി അനുസ്മരണ മാധ്യമ സെമിനാറിൽ പങ്കെടുക്കാനായാണ് 'കേരളീയ'ത്തെ പ്രതിനിധീകരിച്ച് റോബിനോടും മുൻ മനോരമ ജേർണലിസ്റ്റ് കുര്യൻ പാമ്പാടിയ്ക്കുമൊപ്പം മധ്യപ്രദേശിലെ ബഡ്‌വാനിയിലേക്ക് യാത്രതിരിച്ചത്. ബഡ്‌വാനി ജില്ലയിലെ ബവൻഗജായിൽ സത്പുര മലനിരകളുടെ താഴ്‌വരയിലെ ഒരു ജൈന ക്ഷേത്രത്തിലായിരുന്നു ക്യാമ്പ്. സർദാർ സരോവർ അണക്കെട്ട് പൂർത്തിയാകുന്നതോടെ മുങ്ങിപ്പോകുന്ന നിരവധി സ്ഥലങ്ങളുള്ള ജില്ലയാണ് ബഡ്‌വാനി. അണക്കെട്ട് പൂർത്തിയാകുന്നതോടെ അഞ്ച് ലക്ഷത്തിലധികമാളുകളാണ് അവർ ജീവിച്ചിരുന്ന ആവാസ വ്യവസ്ഥയിൽ നിന്നും പിഴുതെറിയപ്പെടുന്നത്. വികസനത്തിന്റെ പേരിൽ നടക്കുന്ന നീതിരഹിതമായ കുടിയൊഴിപ്പിക്കലുകളെ ജനകീയ സമരങ്ങളിലൂടെ എങ്ങിനെ രാഷ്ട്രീയപരമായി നേരിടണമെന്ന് ലോകത്തിന് പറഞ്ഞ് കൊടുത്ത സിവിൽ സാമൂഹിക വികസന അജണ്ടകൾ സ്വരൂപിക്കപ്പെടണമെന്ന് പഠിപ്പിച്ച നർമ്മദ സമരം അതിന്റെ പല ലക്ഷ്യങ്ങളും പരാജയപ്പെട്ടെങ്കിലും സാമൂഹിക മാറ്റത്തിനുള്ള തിരുത്തൽ ശക്തിയാകേണ്ട ജനകീയ സമരത്തിന്റെ പരീക്ഷണ ഭൂമിയായി മാറിക്കൊണ്ട് നർമ്മദ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയവും അത് പ്രസരിപ്പിക്കുന്ന സമരശക്തിയും ലോകത്തെമ്പാടുമുള്ള നവസാമൂഹിക പ്രസ്ഥാനങ്ങളെയും ജനകീയ സമരങ്ങളെയും ഏതുവിധത്തിലാണ് സ്വാധീനിച്ചതെന്ന് അടുത്തറിയാൻ കഴിഞ്ഞു. നീണ്ടകാലത്തെ വിജയനേട്ടങ്ങൾക്കും കോട്ടങ്ങൾക്കും നടു

വിലും വിജയപരാജയങ്ങൾ കൊണ്ട് അളക്കാൻ കഴിയുന്നതി നേക്കാളേറെ സാമൂഹിക ലക്ഷ്യ ങ്ങളും ഭാവനാശേഷിയുമുള്ളതാ കണം സാമൂഹിക പ്രവർത്തന മെന്ന സന്ദേശം നൽകിക്കൊണ്ട് ജാഗ്രത കൈവിടാതെ പ്രവർത്തി ക്കുന്ന മേധാപട്ക്കർ അതിലേറെ അനുഭവ പാഠങ്ങളാണ് പകർന്നു തന്നത്. ആവേശത്തേക്കാളേറെ ജാഗ്രതയും സമചിത്തതയുമുള്ള പ്രവർത്തനങ്ങളാണ് സാമൂഹിക നേതൃത്വങ്ങൾക്ക് വേണ്ടതെന്ന് മേധയിൽ നിന്നും നർമ്മദാ ബചാവോ ആന്ദോളനിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ദൗർഭാ ഗ്യവശാൽ കേരളത്തിൽ ഇല്ലാതെ പോയതും അതുതന്നെയാണ്.



## മാധ്യമ സെമിനാർ

സുസ്ഥിര സാമൂഹിക വികസ നത്തിൽ മാധ്യമങ്ങളുടെ പങ്ക് എന്താണെന്നും, നിലവിലുള്ള വിക സന മാതൃകകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ ഏത് രീതിയിലാണ് മാധ്യമങ്ങൾ പ്രതിരോധിക്കുകയും, പ്രതിനിധീകരിക്കുകയും ചെയ്യേ ണ്ടതെന്നുമുള്ള അന്വേഷണമായി രുന്നു സഞ്ജയ് സാംഗ്വി അനു സ്മരണ മാധ്യമ സെമിനാർ. നർമ്മ ദയുൾപ്പെടെ മറ്റനേകം ജനകീയ സമരങ്ങളോട് അടുത്ത ബന്ധം പുലർത്തിയിരുന്ന മാധ്യമ പ്രവർത്തകനും അധ്യാപകനുമായി രുന്ന സഞ്ജയ് സംഗ്വി കഴിഞ്ഞ വർഷമാണ് അന്തരിച്ചത്. ഇന്ത്യ യുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പത്രപ്രവർത്തകർ പങ്കെ ടുത്ത സെമിനാറിൽ നർമ്മദയിലെ അനുഭവങ്ങളുടെ പശ്ചാത്തല ത്തിൽ കുടിയൊഴിപ്പിക്കപ്പെടുന്നവ രോട് മാധ്യമങ്ങൾ നീതി പുലർത്തേണ്ടതെങ്ങിനെയാണ് സംവാദങ്ങൾ നടന്നു. ക്യാംപംഗ ങ്ങളായെത്തിയ, കുടിയൊഴിപ്പിക്ക പ്പെടുകയും നീതി നിഷേധിക്കപ്പെ ടുകയും ചെയ്ത നർമ്മദ താഴ്‌വര യിലെ ജനങ്ങൾ അവരുടെ അനു ഭവങ്ങൾ ഞങ്ങളോട് പങ്കുവച്ചു. അണക്കെട്ടിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ മുങ്ങിപ്പോ കുന്ന ബഡ്‌വാനി ജില്ലയിലെ ചില ഗ്രാമങ്ങൾ ഞങ്ങൾ വൈകുന്നേര ങ്ങളിൽ സന്ദർശിച്ചു. അവിടെ യെല്ലാം നർമ്മദയുടെ ആഴങ്ങളി ലേക്ക് ആണ്ടുപോകാനായി കാത്തിരിക്കുന്ന മനുഷ്യാധ്വാനത്തി ന്റെ, സംസ്കാരത്തിന്റെ, വിശ്വാസ ത്തിന്റെ, ഗ്രാമജീവിതത്തിന്റെ തുടി പ്പുകൾ കണ്ടാൽ ഒരിക്കലെങ്കിലും സർദാർ സരോവർ പദ്ധതിയുടെ നീതികേടുകൾ മനസിലാകാത്ത വർ ആരുമുണ്ടാകില്ല.



ഫോട്ടോ : കുര്യൻ പാമ്പാടി

നർമ്മദ താഴ്‌വരയിലെ ഒരു കാഴ്ച

സെമിനാറിന്റെ രണ്ടാം ദിവസം ബവൻഗാജയ്ക്കടുത്തുള്ള പാട്ടി യെന്ന ഗ്രാമം ഞങ്ങൾ സന്ദർശി ച്ചു. അവിടെ കമ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടർമാരുടെ അനാസ്ഥയ്ക്കെതിരെയും വ്യാജ ഡോക്ടർമാർക്കെതിരെയും പ്രവർത്തിയ്ക്കുന്ന സാമൂഹിക പ്രവർത്തകരെ കാണാനും വ്യാജ ഡോക്ടർമാരെ ജനകീയ വിചാ രണ ചെയ്യുന്ന അവരുടെ പ്രവർത്ത നത്തിൽ പങ്കെടുക്കാനും കഴിഞ്ഞു. പാട്ടിപോലെ നഗരകേന്ദ്രത്തിൽ



മദ്ധ്യപ്രദേശിലെ ബാവൻഗജായ്ക്കടുത്തുള്ള പാട്ടി എന്ന ഗ്രാമത്തിലേക്ക്



ഫോട്ടോ : ക്രിഷ് പമ്പാടി

മഹാരാഷ്ട്രയിലെ ബാദൽ ഗ്രാമത്തിലെ ആദിവാസി കുട്ടികൾ ജീവനശാലയിൽ പഠിപ്പിച്ച ഗാനങ്ങൾ ആലപിക്കുന്നു.

നിന്നെല്ലാം ഒരുപാടകലെയുള്ള ഗ്രാമത്തിൽപ്പോലുമെത്തിയ പ്രൊഫഷണൽ സോഷ്യൽ വർക്കിന്റെ സ്വാധീനം ഞങ്ങളെ അത്ഭുതപ്പെടുത്തി. ദേശീയ തൊഴിലുറപ്പ് പദ്ധതി കൂടി വന്നതോടെ സാമൂഹിക പ്രവർത്തനത്തിനും പഠന പ്രവർത്തനങ്ങൾക്കുമായി പ്രൊഫഷണൽ സാമൂഹിക പ്രവർത്തകർ എത്തിപ്പെടാത്ത സ്ഥലങ്ങൾ ഇന്ത്യയിൽ വിരളമായിക്കൊണ്ടിരിക്കുയാണ് എന്ന സൂചന കൂടി നല്കി പാട്ടി സന്ദർശനം. പലതരം ഫണ്ടിംഗ് ഏജൻസികളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഇവർ ഏത് രീതിയിൽ വിലയിരുത്തപ്പെടണമെന്ന് സാമൂഹിക പ്രവർത്തനമേഖല ചിന്തിക്കേണ്ടിയിരിക്കുന്നു.

ക്യാംപിന്റെ മൂന്നാം ദിവസം അണക്കെട്ട് വന്നതുകൊണ്ട് ആവാസവ്യവസ്ഥ നഷ്ടമാവുകയും നർമ്മദാ ബചാവോ ആന്ദോളനിന്റെ നേതൃത്വത്തിൽ പുനരധിവസിപ്പിക്കപ്പെടുകയും ചെയ്ത മഹാരാഷ്ട്രയിലെ നന്ദൂർബാർ ജില്ലയിലുള്ള ബാദലിലെ ആദിവാസി ഊരിലേക്കാണ് ഞങ്ങൾ പോയത്. ബവൻഗജായിൽ നിന്ന് ഏഴ് മണിക്കൂർ ജീപ്പിലും ഒരു മണിക്കൂർ ബോട്ടിലും യാത്ര ചെയ്താണ് ഞങ്ങൾ ബാദലിലെത്തിയത്. ബോട്ടിൽ നർമ്മദാ നദി മുറിച്ച് കടക്കുമ്പോൾ ഇരു കരകളിലും സത്പുര മലനിരകളുടെ താഴെയായി താമസിക്കുന്ന ആദിവാസികൾ ചെറിയ കൂരകളെന്നു പോലും പറയാൻ കഴിയാത്ത തങ്ങളുടെ വാസസ്ഥലങ്ങൾക്ക് മുന്നിൽ നിന്ന് ഞങ്ങളെ അഭിവാദ്യം ചെയ്യുന്നുണ്ടായിരുന്നു. ഞങ്ങളുടെ ബോട്ട് അപ്പോൾ സഞ്ചരിച്ചുകൊണ്ടിരുന്നത് അണക്കെട്ട് വന്ന് നദി വിഴുങ്ങിക്കളഞ്ഞ അവരുടെ അധ്വാനങ്ങൾക്ക് മുകളിൽക്കൂടിയായിരുന്നു. ഉപജീവനമാർഗ്ഗങ്ങളെല്ലാം നഷ്ടപ്പെട്ടെങ്കിലും ബാദലിലെത്തിയ ഞങ്ങളുടെ സംഘത്തെ ആദിവാസികൾ ഊഷ്മളതയോടെ അവരുടെ തനത് ഗോത്രപാരമ്പര്യമുൾക്കൊള്ളുന്ന ആചാരരീതികളോടെയാണ് സ്വീകരിച്ചത്. ബാദലിലെ ജീവനശാലയിലെ കുട്ടികൾ മറാത്തി കലർന്ന ഹിന്ദിഭാഷയിൽ മുദ്രാവാക്യങ്ങളും പാട്ടുകളുമായി സ്വീകരണ പരിപാടിയെ ഉഷാറാക്കി. പദ്ധതിയുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസി ഊരുകളിലെ കുട്ടികൾക്കായി നർമ്മദാ ബചാവോ ആന്ദോളൻ തുടങ്ങിയ സ്കൂളുകളാണ് ജീവനശാലകൾ. 12 ജീവനശാലകളാണ് ഗുജറാത്ത്, മഹാരാഷ്ട്ര, മധ്യപ്രദേശ് സംസ്ഥാനങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. പരമ്പരാഗത സിലബസ് പഠനങ്ങൾക്ക് പുറത്തുള്ള പ്രായോഗിക അറിവുകളെ സ്വാംശീകരിച്ച് ആന്ദോളൻ നടത്തുന്ന ഈ ബദൽ വിദ്യാഭ്യാസ പ്രവർത്തനം മാതൃകാപരമാണ്. ബാദലിലെ ആദിവാസികൾ അവരുടെ ഭാഷയിൽ ജൈവവൈവിദ്ധ്യം കൊണ്ട് സമ്പന്നമായ താഴ്‌വരയിലെ തങ്ങളുടെ വാസസ്ഥലങ്ങളെല്ലാം നഷ്ടമായിട്ടും സർദാർ സരോവർ പദ്ധതിയുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന എല്ലാവർക്കും മാന്യമായ രീതിയിൽ പുനരധിവാസവും നീതിയും നൽകണമെന്ന ആവശ്യത്തിൽ സമരാവേശത്തോടെ അവർ ഉറച്ച് നിൽക്കുകയാണ്. "ഭരണാധികാരികളേ ശ്രദ്ധിക്കുക, ഞങ്ങളുടെ നാട്ടിൽ ഇന്ന് ഞങ്ങളുടെ ഭരണമാണ്" എന്ന അവരുടെ മുദ്രാവാക്യത്തിന്റെ അർത്ഥതലങ്ങൾ ബാദലിലെ ആദിവാസികൾക്കിടയിൽ നിന്നും അറിയാൻ കഴിഞ്ഞു. നമ്മുടെ ജനാധിപത്യ-നീതിന്യായ വ്യവസ്ഥകളിൽ നിന്നെല്ലാമകന്ന് അവിടെ അവരുടെ വികേന്ദ്രീകൃത ഭരണം നാളുകൾ നീണ്ട നമ്മുടെ ജനാധിപത്യത്തിൽ നമുക്ക് ഒരിക്കലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്ത മൂല്യങ്ങളെ പുനഃസ്ഥാപിക്കുകയാണ്. ഡാം വരുന്നതോടെ ആവാസവ്യവസ്ഥ നഷ്ടപ്പെട്ട് എവിടെയെങ്കിലുമൊക്കെ അലഞ്ഞ് തിരിഞ്ഞു നടന്ന് ജീവിതം കണ്ടെത്തേണ്ടി വരുമായിരുന്ന ഒരു ജനതയെ ജനാധിപത്യ ഭരണവ്യവസ്ഥയുടെ ഉത്തമ മാതൃകകളാക്കിക്കൊണ്ട് നർമ്മദാ ബചാവോ ആന്ദോളൻ സാമൂഹിക പ്രവർത്തനത്തിന്റെ കടമകൾക്ക് പുതിയ നിർവ്വചനങ്ങൾ നൽകിയിരിക്കുകയാണ്.

*കേരളീയം, തൃശൂർ-21*